12. നിയമനങ്ങൾ നടത്തുന്നത് ഈ നോട്ടിഫിക്കേഷൻ ആസ്പദമാക്കി തയ്യാറാക്കപ്പെടുന്ന ലിസ്റ്റിലെ റാങ്കനുസരിച്ചും, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13–4–1972–ലെ ജി.ഒ.എം.എസ്. നമ്പർ 142/72/പി.ഡി.യിലെയും 29–11–1973–ലെ ജി.ഒ.എം.എസ്. നമ്പർ 309/73/പി.ഡി.യിലെയും 17–1–1976–ലെ ജി.ഒ.പി. നമ്പർ 21/76/പി.ഡി.യിലേയും വ്യവസ്ഥകൾ അനുസരിച്ചും നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങളനുസരിച്ചും 1958 കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3(സി) 17(എ) 17(ബി) എന്നീ വകുപ്പുകൾക്കു വിധേയമായും ആയിരിക്കുന്നതാണ്.

(വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നോക്കുക).

(വിഭാഗം 19)

1. വകുപ്പ്—രാജ്യസൈനിക ബോർഡ്
2. ഉദ്യോഗപ്പേര്—ലോവർ ഡിവിഷൻ ക്ലാർക്ക് (വിമുക്ത ഭടൻമാരിൽനിന്നു മാത്രം)
3. ശമ്പളം—330-615 രൂപ.
4. ഒഴിവുകളുടെ എണ്ണം—തിരുവനന്തപുരം ജില്ല—1 (ഒന്ന്)
പത്തനംതിട്ട ജില്ല—1 (ഒന്ന്)

കുറിപ്പ്—(1) ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് രണ്ടു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ടുമെന്റിനുവേണ്ടി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(2) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27–5–1971–ലെ ഗവൺമെന്റ് ഓർഡർ എം.എസ്. 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്കു ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലും ഒരു ജില്ലയിലേയ്ക്ക് നിയമനം ഒരാളിന് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചുവർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേയ്ക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ ആ മാറ്റം 2–1–1961–ലെ ഗവൺമെന്റ് ഓർഡർ ജി.ഒ.എം.എസ്. 4/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ ഗവൺമെന്റ് സർവ്വീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് മറ്റൊരു ജില്ലയിലേയ്ക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിൽ ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(3) ഈ വിജ്ഞാപനപ്രകാരം ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലയിലേയ്ക്ക് അപേക്ഷിയ്ക്കുവാൻ പാടില്ല. ഇതിന് വിപരീതമായി ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷിച്ച് അതിൻ പ്രകാരം നിയമനം ലഭിക്കുന്നതായാൽ ആ നിയമനം റദ്ദാക്കുന്നതും അവരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(4) അപേക്ഷ നിയമനം ലഭിക്കേണ്ട ജില്ലയിലേയ്ക്ക് അയയ്ക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷാഫാറത്തിലെ നിർദ്ദിഷ്ട കോളത്തിൽ വ്യക്തമായി എഴുതിയിരിക്കേണ്ടതുമാണ്.

(5) വകുപ്പു മേധാവികളുടെ ഓഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (Headquarters vacancies) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതുമാണ്.

5. നിയമനരീതി—നേരിട്ടുള്ള നിയമനം (പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട വിമുക്തഭടന്മാരിൽ നിന്നു മാത്രം.)

6. പ്രായപരിധി—1–1–1983-ൽ പതിനെട്ട് (18) വയസ്സ് തികഞ്ഞിരിക്കേണ്ടതും പട്ടാളസേവന കാലം ഉൾപ്പെടെ അൻപത് (50) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. (വയസ്സിളവിനെ സംബന്ധിച്ച നിലവിലുള്ള മററ് ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

7. യോഗ്യതകൾ—എസ്. എസ്. എൽ. സി. യോ തത്തുല്യമായ പരീക്ഷയോ പാസ്സായിരിക്കണം.

കുറിപ്പ്—1. പട്ടികജാതി / പട്ടികവർഗ്ഗത്തിൽപ്പെട്ട വിമുക്തഭടന്മാർക്ക് മാത്രമേ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളൂ.

2. ഉദ്യോഗാർത്ഥികൾ പൊതു വ്യവസ്ഥകളിലെ 15-ാം ഖണ്ഡികയിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകൾക്കു പുറമേ എസ്. എസ്. എൽ.സി. ക്കോ തത്തുല്യമായ പരീക്ഷക്കോ ലഭിച്ചിട്ടുള്ള മാർക്കു ലിസ്റ്റിന്റെ എൻഡോഴ്സുമെന്റോടുകൂടിയുള്ള പേജിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപകർപ്പും മിലിട്ടറി ഡിസ്ചാർജ്ജ് സർട്ടിഫിക്കററിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

3. സ്വീകാര്യമായ അപേക്ഷകൾ സമർപ്പിക്കുന്നവർക്കു വേണ്ടി രണ്ടു മണിക്കൂർ ദൈർഘ്യമുള്ള എസ്. എസ്.എൽ.സി. നിലവാരത്തിലുള്ള ഒരു എഴുത്തു പരീക്ഷ നടത്തുന്നതാണ്. പരീക്ഷയുടെ ഏററവും കൂടിയ മാർക്ക് 100 ആയിരിക്കും. സിലബസ് തുടങ്ങിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.

	വിഷയം	പരമാവധി മാർക്ക്
പാർട്ട് 1.	പൊതുവിജ്ഞാനം പ്രാദേശികവും ദേശീയവുമായ കാര്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് ദൈനംദിന വിഷയങ്ങളെക്കുറിച്ചും (Current affairs) ദൈനംദിന ശാസ്ത്രത്തിലെ സാധാരണ കാര്യങ്ങളെകുറിച്ചും പ്രാഥമികചരിത്രം, ഭൂമിശാസ്ത്രം എന്നീ വിഷയങ്ങളെക്കുറിച്ചും ഉള്ള ഒബ്ജക്ടീവ് മാതൃകയിലുള്ള (Objective type) ചോദ്യങ്ങൾ.	60
പാർട്ട് 2.	പ്രാദേശിക ഭാഷ (ഖണ്ഡികയെഴുത്ത്, കത്തെഴുത്ത് മുതലായവ)	20
പാർട്ട് 3.	ജനറൽ ഇംഗ്ലീഷ് (ഇംഗ്ലീഷിലുള്ള ഗദ്യഭാഗം സംഗ്രഹിച്ചെഴുത്ത്, ഇംഗ്ലീഷ് ഭാഷയിൽ പ്രചാരത്തിലുള്ള പദങ്ങൾ, ശൈലികൾ, പഴഞ്ചൊല്ലുകൾ ഇവയുടെ പ്രയോഗം മുതലായവ)	20

കുറിപ്പ്:—1. പാർട്ട് 1, 2 വിഭാഗങ്ങളിലുള്ള ചോദ്യങ്ങൾക്ക് മലയാളം, തമിഴ്, കർണ്ണാടകം ഇവയിലേതെങ്കിലും ഒരു പ്രാദേശിക ഭാഷയിൽ ഉത്തരമെഴുതാവുന്നതാണ്. പാർട്ട്—3-ലെ ചോദ്യങ്ങൾക്ക് ഇംഗ്ലീഷിൽ ഉത്തരം എഴുതേണ്ടതാണ്. മൂന്നു വിഭാഗങ്ങൾക്കും ഒരേ ഉത്തരക്കടലാസ്സിൽ തന്നെ ഉത്തരമെഴുതാവുന്നതാണ്. തമിഴോ, കർണ്ണാടകമോ മാതൃഭാഷയായുള്ളവർ ഒന്നും രണ്ടും വിഭാഗങ്ങൾക്ക് തമിഴിലോ കർണ്ണാടകത്തിലോ ഉത്തരം എഴുതിയാൽ മതി. മേൽപറഞ്ഞ ഏതെങ്കിലും ഭാഷയിൽ ഉത്തരമെഴുതുവാൻ ആഗ്രഹിക്കുന്നവർ ആ വിവരം അപേക്ഷാഫാറത്തിന്റെ മുകൾഭാഗത്ത് രേഖപ്പെടുത്തിയിരിക്കണം. ഒരു പ്രാദേശിക ഭാഷ (തമിഴ് അല്ലെങ്കിൽ കർണ്ണാടകം) മാത്രമേ രേഖപ്പെടുത്തുവാൻ പാടുള്ളൂ. തമിഴിലോ കർണ്ണാടകത്തിലോ ഉത്തരമെഴുതുന്നവർ ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുകയാണെങ്കിൽ നിയമന തീയതി മുതൽ 4 (നാല്) വർഷത്തിനകം മലയാളത്തിലുള്ള ഒരു പരീക്ഷ (Language test in Malayalam) ജയിക്കേണ്ടതാണ്. നാലു വർഷത്തിനകം പ്രസ്തുത പരീക്ഷ ജയിക്കാത്ത വരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതാണ്.

2. സെക്യൂരിററി വെക്കേണ്ടതായ സ്റേറാർ കീപ്പർ കാഷ്യർ തുടങ്ങിയ ഉദ്യോഗങ്ങളിൽ നിയമിക്കപ്പെടുന്നതിന് സമ്മതമുള്ളവർ ആ വിവരം പരീക്ഷ നടക്കുന്ന സമയത്ത് രേഖപ്പെടുത്തിക്കൊടുക്കുവാൻ ആവശ്യപ്പെടുന്നതാണ്. റാങ്കു ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുമ്പോൾ അവരുടെ പേരിന്റെ നേർക്ക് ആ വിവരംകൂടി കാണിച്ചിരിക്കണം. അങ്ങിനെ സമ്മതം രേഖപ്പെടുത്തിയ ആർക്കെങ്കിലും സെക്യൂരിററി ആവശ്യമില്ലാത്ത ഏതെങ്കിലും ഉദ്യോഗത്തിലേയ്ക്കാണ് നിയമനമുറ വരുന്നതെങ്കിൽ അതിനും തിരഞ്ഞെടുക്കപ്പെടുന്നതിനും തടസ്സമൊന്നുമില്ല. എന്നാൽ സെക്യൂരിററി ആവശ്യമുള്ള തസ്തികയിലേക്ക് നിയമനത്തിന് സമ്മതം രേഖപ്പെടുത്തിയിട്ട് പിന്നീട് അത് നിരാകരിച്ചാൽ അവർക്ക് ഈ റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മറെറാരു നിയമനവും ലഭിക്കുന്നതല്ല.

3. പരീക്ഷ അതാതു ജില്ലാ തലസ്ഥാനങ്ങളിൽ വെച്ച് നടത്തുന്നതാണ്. തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിലായതിനാൽ അപേക്ഷാ ഫാറത്തിൽ നിയമനം ഏതു ജില്ലയിലാണ് ആഗ്രഹിക്കുന്നത് എന്ന് രേഖപ്പെടുത്തിയാൽ ആ ജില്ലയിലുള്ള പരീക്ഷാകേന്ദ്രത്തിൽ മാത്രമേ പരീക്ഷ എഴുതാൻ അനുവദിക്കുകയുള്ളൂ. പരീക്ഷാ കേന്ദ്രങ്ങൾ പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

8. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി—28-3-1984 വൈകുന്നേരം അഞ്ചുമണിവരെ.

9. അപേക്ഷാഫാറം—ഉദ്യോഗാർത്ഥികൾ ഫീസ് മുദ്രണം ചെയ്യാത്തതും മലയാളത്തിലോ ഇംഗ്ലീഷിലോ അച്ചടിച്ചതുമായ പി.എസ്.സി. ഫാറത്തിൽ അപേക്ഷിച്ചാൽ മതി.

10. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം—

1. ജില്ലാ ആഫീസർ,
കെ.പി.എസ്.സി. ജില്ലാ ആഫീസ്,
കുമാരപുരം, ടി.സി.1/1588/2,
തിരുവനന്തപുരം,
പിൻ. 695 011.

2. ജില്ലാ ആഫീസർ,
കെ.പി.എസ്.സി. ജില്ലാ ആഫീസ്,
വാർഡ് നമ്പർ II,
ബിൽഡിംഗ് നമ്പർ 434,
സെന്റ് പീറ്റേഴ്സ് ബിൽഡിംഗ്
(ഗ്രൗണ്ട്ഫ്ളോർ)

പത്തനംതിട്ട—689 645.

അപേക്ഷാഫാറം വാങ്ങുന്നതോടൊപ്പം സൗജന്യമായി ലഭിക്കുന്ന കവറിൻമേൽ കൊടുത്തിരിക്കുന്ന മേൽ വിലാസം തിരുത്തി, മുകളിൽ കാണിച്ചിരിക്കുന്ന വിലാസത്തിൽ അപേക്ഷ അയയ്ക്കണം. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ ഡെപ്യൂട്ടി സെക്രട്ടറിയുടെയോ വിലാസത്തിലയക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

11. പൊതുവ്യവസ്ഥകളിലെ രണ്ടും എട്ടും ഇരുപത്തിയാറും ഖണ്ഡികകൾ ഈ തിരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ നോട്ടിഫിക്കേഷൻ ആസ്പദമാക്കി തയ്യാറാക്കപ്പെടുന്ന ലിസ്റ്റിലെ റാങ്കനുസരിച്ചും, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക സംവരണം സംബന്ധിച്ച 13-4-1972-ലെ ജി.ഒ.എം.എസ്. നമ്പർ 142/72/പി.ഡി.യിലെയും 29-11-1973-ലെ ജി. ഒ. എം. എസ്. നമ്പർ 309/73 പി. ഡി. യിലെയും 17-1-1976-ലെ ജി.ഒ.പി. നമ്പർ 21/76/പി.ഡി.യിലെയും വ്യവസ്ഥകൾ അനുസരിച്ചും നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങളനുസരിച്ചും 1958-ലെ കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി) 17 (എ), 17 (ബി) എന്നീ വകുപ്പുകൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക).

(വിഭാഗം—14)

1. വകുപ്പ്—കൃഷി (മണ്ണു സംരക്ഷണ വിഭാഗം)
2. ഉദ്യോഗപ്പേര്—വർക്ക് സൂപ്രണ്ട്
3. ശമ്പളം—330-515 രൂപ
4. ഒഴിവുകളുടെ എണ്ണം.—

തിരുവനന്തപുരം	1 (ഒന്ന്)
കൊല്ലം	1 ,,
ആലപ്പുഴ	1 ,,
കോട്ടയം	1 ,,
ഇടുക്കി	1 ,,
എറണാകുളം	1 ,,
തൃശ്ശൂർ	1 ,,
പാലക്കാട്	1 ,,
മലപ്പുറം	1 ,,
കോഴിക്കോട്	1 ,,

കുറിപ്പ്.—(1) ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് രണ്ടു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേക്കും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ട്മെന്റിനുവേണ്ടി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(2) ഈ വിജ്ഞാപനപ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27-5-1971-ലെ ഗവൺമെന്റ് ഓർഡർ എം.എസ്. 154/71/പി.ഡി.യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലും ഒരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന ആളിന് തുടർച്ചയായി സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചുവർഷത്തിനുശേഷം മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റം അനുവദിക്കുകയാണെങ്കിൽ, ആ മാറ്റം 2-1-1961-ലെ ഗവൺമെന്റ് ഓർഡർ ജി. ഒ. എം. എസ്. 4/പി. ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ ഗവൺമെന്റ് സർവീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് മറ്റൊരു ജില്ലയിലേക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിൽ ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

(3) ഈ വിജ്ഞാപനപ്രകാരം ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷിക്കാൻ പാടില്ല. ഇതിനു വിപരീതമായി ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷിച്ച് അതിൻപ്രകാരം നിയമനം ലഭിക്കുന്നതായാൽ ആ നിയമനം റദ്ദാക്കുന്നതും അവരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

(4) അപേക്ഷ നിയമനം ലഭിക്കേണ്ട ജില്ലയി ലേയ്ക്ക് അയയ്ക്കേണ്ടതും പ്രസ്തുത ജില്ല യുടെ പേര് അപേക്ഷാഫാറത്തിലെ നിർദ്ദിഷ്ട കോളത്തിൽ വ്യക്തമായി എഴുതിയിരിക്കേ ണ്ടതുമാണ്.

5. നിയമനരീതി—നേരിട്ടുള്ള നിയമനം (പട്ടിക ജാതി/പട്ടിക വർഗ്ഗക്കാരിൽ നിന്നു മാത്രം).

6. പ്രായപരിധി—1-1-1983-ൽ പതിനെട്ട് (18) വയസ്സ് തികഞ്ഞിരിക്കേണ്ടതും നാല്പത് (40) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. (വയസ്സിളവിനെ സംബന്ധിച്ച നിലവി ലുള്ള മറ്റ് ആനുകൂല്യങ്ങളൊന്നും ഈ തെര ഞ്ഞെടുപ്പിന് ബാധകമല്ല).

7. യോഗ്യതകൾ—

(1) എസ്. എസ്.എൽ.സി.യോ തത്തുല്യ മായ പരീക്ഷയോ ജയിച്ചിരിക്കണം.

(2) സർവേയിംഗും ലെവലിംഗും (ലോവർ) കെ.ജി.ടി.ഇ. / എം.ജി.ടി.ഇ.

(3) (എ) കൂടാതെ കെ. ജി. ടി. ഇ. /എം. ജി. ടി. ഇ. യിലുള്ള താഴെപ്പറയുന്ന വിഷയ ങ്ങളിൽ ഏതെങ്കിലും രണ്ടു വിഷയങ്ങൾ കൂടി ജയിച്ചിരിക്കണം.

1. ബിൽഡിംഗ് ഡ്രോയിംഗും എസ്റ്റി മേറ്റിംഗ് (ലോവർ)
2. ബിൽഡിംഗ് മെറ്റീരിയൽസും കൺ സ്ട്രക്ഷനും (ലോവർ)
3. എർത്തുവർക്കും റോഡ് മേക്കിംഗും (ലോവർ)
4. ഹൈഡ്രോളിക്സും ഇറിഗേഷൻ എഞ്ചിനീയറിംഗും (ലോവർ)
5. മെൻസുറേഷൻ (ലോവർ)

അല്ലെങ്കിൽ

(ബി) ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സ്കീം അനുസരിച്ച് ഡിസെറ്റിൽമെന്റ് എംപ്ലോയ്മെന്റ് ഡയറക്ടർ ജനറ ലിൽ നിന്നും ലഭിച്ച സർവേയർ ട്രേഡ് സർട്ടിഫിക്കറ്റ്

അല്ലെങ്കിൽ

(സി) ഡ്രാഫ്റ്റ്സ്മാൻ സിവിൽ അല്ലെ ങ്കിൽ (മെക്കാനിക്കൽ ട്രേഡിലുള്ള ഐ. ടി. ഐ. സർട്ടിഫിക്കറ്റ്)

കുറിപ്പ്.—മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പതി നെട്ടു മാസത്തെ ട്രെയിനിംഗ് ഈ ഉദ്യോഗത്തിന് മതിയായ യോഗ്യതയായി പരിഗണിക്കപ്പെടുന്ന താണ്. ഒരു വർക്ക്ഷോപ്പിലോ ഫാക്ടറി യിലോ നിശ്ചയിക്കപ്പെട്ടിട്ടുള്ള 0 മാസത്തെ ഇൻപ്ലാന്റ് ട്രെയിനിംഗിന് വിധേയമായിട്ടി ല്ലാത്തവരുടെ ആദ്യത്തെ 0 മാസത്തെ സർവീസ് പ്രൊബേഷൻ കാലമായി പരിഗണിക്കുന്ന താണ്.

8. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി— 28-3-1984 വൈകുന്നേരം അഞ്ചുമണിവരെ.

9. അപേക്ഷാഫാറം.—ഉദ്യോഗാർത്ഥികൾ ഫിസ് ചുക്കേണം ചെയ്യാത്തതും ഇംഗ്ലീഷിലോ മലയാള ത്തിലോ അച്ചടിച്ചതുമായ പി.എസ്.സി. ഫാറ ത്തിൽ അപേക്ഷിച്ചാൽ മതി.

1. അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം—

1. ജില്ലാ ആഫീസർ,
കെ. പി. എസ്. സി. ജില്ലാ ആഫീസ്,
പട്ടം പാലസ്, ടി. സി. 1/1586/, 2
തിരുവനന്തപുരം, പിൻ 695 011.

2. ജില്ലാ ആഫീസർ,
കെ. പി. എസ്. സി. ജില്ലാ ആഫീസ്,
വെള്ളിമന, സിവിൽ സ്റ്റേഷനു സമീപം,
കൊല്ലം, പിൻ 691 009.

3. ജില്ലാ ആഫീസർ,
കെ. പി. എസ്.സി. ജില്ലാ ആഫീസ്,
ബിൽഡിംഗ് നമ്പർ 880/31,
ഗൗരി സദനം, തോണ്ടൻകുളങ്ങര,
ആലപ്പുഴ. പിൻ 688 006.

4. ജില്ലാ ആഫീസർ,
കെ. പി. എസ്. സി.
കോട്ടയം ജില്ലാ ആഫീസ്,
ബിൽഡിംഗ് നമ്പർ 3/395,
ഫസ്റ്റ് ഫ്ളോർ,
അമ്പാട്ടു ബിൽഡിംഗ്,
ദേവലോകം, മുട്ടമ്പലം പി. ഒ.,
കോട്ടയം, പിൻ 686 004.

5. ജില്ലാ ആഫീസർ,
കെ. പി. എസ്. സി.
ഇടുക്കി ജില്ലാ ആഫീസ്,
ബിൽഡിംഗ് നമ്പർ3/395,
ഗ്രൗണ്ട്ഫ്ളോർ, അമ്പാട്ടു ബിൽഡിംഗ്,
ദേവലോകം, മുട്ടമ്പലം പി.ഒ.,
കോട്ടയം 686 004.

6. ജില്ലാ ആഫീസർ,
കെ. പി. എസ്. സി. ജില്ലാ ആഫീസ്,
ഹൗസ് നമ്പർ 86/1165,
അമ്മൻകോവിൽ ക്രോസ് റോഡ്,
എറണാകുളം, കൊച്ചിൻ 682 011.

7. ജില്ലാ ആഫീസർ,
കെ. പി. എസ്. സി. ജില്ലാ ആഫീസ്,
വാർഡ് നമ്പർ 25,
ബിൽഡിംഗ് നമ്പർ 580,
സുനന്ദ, സെനാനാമിഷൻ റോഡ്,
ചെമ്പുക്കാവ്, തൃശ്ശൂർ 080 001.

8. ജില്ലാ ആഫീസർ,
കെ.പി.എസ്.സി. ജില്ലാ ആഫീസ്,
സിവിൽ സ്റ്റേഷൻ,
പാലക്കാട്, പിൻ. 678 001

9. ജില്ലാ ആഫീസർ,
കെ.പി.എസ്.സി. ജില്ലാ ആഫീസ്,
ഹൗസ് നമ്പർ 12/26,
മലപ്പുറം 676 505.

10. ജില്ലാ ആഫീസർ,
കെ.പി.എസ്.സി. ജില്ലാ ആഫീസ്,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
പിൻ. 673 020.

അപേക്ഷാഫാറം വാങ്ങുന്നതോടൊപ്പം സൗജന്യ മായി ലഭിക്കുന്ന കവറിൻമേൽ കൊടുത്തിരിക്കുന്ന മേൽവിലാസം തിരുത്തി, മുകളിൽ കാണിച്ചിരിക്കുന്ന വിലാസത്തിൽ അപേക്ഷ അയയ്ക്കണം. കേരള പബ്ലിക് സർവീസ് കമ്മിഷൻ സെക്രട്ടറിയുടെയോ ഡെപ്യൂട്ടി സെക്രട്ടറിയുടെയോ വിലാസത്തിലയക്കുന്ന അപേക്ഷ കൾ നിരസിക്കുന്നതാണ്.

11. പൊതു വ്യവസ്ഥകളിലെ രണ്ടും, എട്ടും ഇരുപത്തിയാറും ഖണ്ഡികകൾ ഈ തെരഞ്ഞെ ടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ നോട്ടിഫി ക്കേഷൻ ആസ്പദമാക്കി തയ്യാറാക്കപ്പെടുന്ന ലിസ്റ്റിലെ റാങ്കനുസരിച്ചും, പട്ടികജാതി/പട്ടി

കവർഗ്ഗക്കാർക്കുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.4-1972-ലെ ജി. ഒ. എം. എസ്. നമ്പർ 142/72/പി.ഡി. യിലെയും 29-11-1973-ലെ ജി.ഒ.എം.എസ്. നമ്പർ 309/73/പി.ഡി. യിലെയും 17—1—1976—ലെ ജി. ഒ. പി. നമ്പർ 21/76/പി.ഡി.യിലെയും വ്യവസ്ഥകൾ അനുസരിച്ചും നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങളനുസരിച്ചും 1958 ലെ കേരള സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി) 17 (എ), 17 (ബി) എന്നീ വകുപ്പുകൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നോക്കുക)

(വിഭാഗം—15)

1. വകുപ്പ്—പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്
2. ഉദ്യോഗപ്പേര്—ബ്ലൂപ്രിൻറർ
3. ശമ്പളം—രൂപ 300—450
4. ഒഴിവുകളുടെ എണ്ണം—പത്തനംതിട്ട—ഒന്ന് (1)
   പാലക്കാട്—ഒന്ന് (1)
   കോഴിക്കോട്—ഒന്ന് (1)

കുറിപ്പ്—1. ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏററവും കുറഞ്ഞത് ഒരു വർഷവും ഏററവും കൂടിയത് രണ്ടു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനുശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിൽ ഇരിക്കുന്ന സമയത്ത് സ്പെഷ്യൽ റിക്രൂട്ടുമെൻറിനു വേണ്ടി എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും പ്രസ്തുത ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്.

2. ഈ വിജ്ഞാപനപ്രകാരമുള്ള തിരഞ്ഞെടുപ്പു ജില്ലാടിസ്ഥാനത്തിൽ 27.5.1971—ലെ ഗവൺമെൻറ് ഓർഡർ എം.എസ്.154/71/പി.ഡി. യിലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകളിൽ നിന്നും ഏതെങ്കിലും ഒരു ജില്ലയിലേക്ക് നിയമനം ലഭിക്കുന്ന ഒരു ആളിന് തുടർച്ചയായി സർവീസ് ആരംഭിക്കുന്ന തീയതി മുതൽ അഞ്ചുവർഷകാലത്തിനിടയ്ക്ക് ആ ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് മാററം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനുശേഷം മറേറതെങ്കിലും ജില്ലയിലേക്ക് മാററം അനുവദിക്കുകയാണെങ്കിൽ ആ മാററം 2.1.1961—ലെ ഗവൺമെൻറ് ഓർഡർ ജി.ഒ.എം.എസ്. 4/പി.ഡി.യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്. ഇപ്പോൾ ഗവൺമെൻറ് സർവീസിൽ ഇതേ ഉദ്യോഗത്തിന് ഒരു ജില്ലയിൽ ഇരിക്കുന്നവർക്ക് മറ്റൊരു ജില്ലയിലേക്ക് അപേക്ഷിക്കുവാൻ പാടില്ല. എന്നാൽ അവർക്ക് ഇതിൽ ഉയർന്ന ഉദ്യോഗത്തിന് അപേക്ഷിക്കാവുന്നതാണ്.

3. ഈ വിജ്ഞാപനപ്രകാരം ഒരു ഉദ്യോഗാർത്ഥി ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷിക്കുവാൻ പാടില്ല. ഇതിന് വിപരീതമായി ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് അപേക്ഷിച്ച് അതിൻപ്രകാരം നിയമനം ലഭിക്കുന്നതായാൽ ആ നിയമനം റദ്ദാക്കുന്നതും അവരുടെ പേരിൽ ശിക്ഷണ നടപടികൾ കൈക്കൊള്ളുന്നതുമാണ്.

4. അപേക്ഷ നിയമനം ലഭിക്കേണ്ട ജില്ലയിലേക്ക് അയക്കേണ്ടതും പ്രസ്തുത ജില്ലയുടെ പേര് അപേക്ഷാഫാറത്തിലെ നിർദ്ദിഷ്ട കോളത്തിൽ വ്യക്തമായി എഴുതിയിരിക്കേണ്ടതുമാണ്.

5. വകുപ്പുമേധാവികളുടെ ആഫീസിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്കും (Head quarters vacancies) ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

5. നിയമനരീതി—നേരിട്ടുള്ള നിയമനം (പട്ടികജാതി/പട്ടികവർഗ്ഗക്കാരിൽ നിന്നു മാത്രം)

6. പ്രായപരിധി—1.1.1983—ൽ പത്തൊൻപത് (19) വയസ്സ് തികഞ്ഞിരിക്കേണ്ടതും 40 (നാൽപ്പത്) വയസ്സ് തികയാൻ പാടില്ലാത്തതുമാകുന്നു. (വയസ്സിളവിനെ സംബന്ധിച്ച് നിലവിലുള്ള മററ് ആനുകൂല്യങ്ങളൊന്നും ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.)

7. യോഗ്യതകൾ—1. മൂന്നാം ഫാറം അഥവാ തത്തുല്യമായ പരീക്ഷ പാസ്സായിരിക്കണം.

2. ബ്ലൂ പ്രിൻറിംഗിലുള്ള പരിചയം (പരിചയം തെളിയിക്കുന്നതിന് പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പിലെയോ, പൊതുമരാമത്തു വകുപ്പിലെയോ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റാങ്കിൽ കുറയാത്ത ഒരാളിൽ നിന്നുള്ള സർട്ടിഫിക്കററ് ഹാജരാക്കണം.)

8. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി—28.3.1984 വൈകുന്നേരം അഞ്ചു മണിവരെ

9. അപേക്ഷാഫാറം—ഉദ്യോഗാർത്ഥികൾ ഫിസ് മുദ്രണം ചെയ്യാത്തതും ഇംഗ്ലീഷിലോ മലയാളത്തിലോ അച്ചടിച്ചതുമായ പി.എസ്.സി. ഫാറത്തിൽ അപേക്ഷിച്ചാൽ മതി.

10. അപേക്ഷ അയക്കേണ്ട മേൽവിലാസം—

1. ജില്ലാ ആഫീസർ,
   കെ.പി.എസ്.സി. ജില്ലാ ആഫീസ്,
   വാർഡ് നമ്പർ 2, ബിൽഡിംഗ് നമ്പർ 434,
   സെൻറ് പീറേറഴ്സ് ബിൽഡിംഗ്
   (ഗ്രൗണ്ട് ഫ്ളോർ)
   പത്തനംതിട്ട 689 645.
2. ജില്ലാ ആഫീസർ,
   കെ.പി.എസ്.സി. ജില്ലാ ആഫീസ്,
   സിവിൽ സ്റേറഷൻ, പാലക്കാട് 678 001.
3. ജില്ലാ ആഫീസർ,
   കെ.പി.എസ്.സി. ജില്ലാ ആഫീസ്,
   സിവിൽ സ്റേറഷൻ,
   കോഴിക്കോട്, പിൻ. 073 020.

അപേക്ഷാഫാറം വാങ്ങുന്നതോടൊപ്പം സൗജന്യമായി ലഭിക്കുന്ന കവറിൻമേൽ കൊടുത്തിരിക്കുന്ന മേൽവിലാസം തിരുത്തി, മുകളിൽ കാണിച്ചിരിക്കുന്ന വിലാസത്തിൽ അപേക്ഷ അയയ്ക്കണം.

11. പൊതു വ്യവസ്ഥകളിലെ രണ്ടും, എട്ടും ഇരുപത്തിയാറും ഖണ്ഡികകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

12. നിയമനങ്ങൾ നടത്തുന്നത് ഈ നോട്ടിഫിക്കേഷൻ ആസ്പദമാക്കി തയ്യാറാക്കപ്പെടുന്ന റാങ്കനുസരിച്ചും, പട്ടികജാതി / പട്ടികവർഗ്ഗക്കാർക്കുള്ള പ്രത്യേക സംവരണം സംബന്ധിച്ച് 13.4.1972—ലെ ജി. ഒ.എം.എസ്. നമ്പർ 142/72/പി.ഡി. യിലേയും 29—11—1973-ലെ ജി.ഒ.എം.എസ്. നമ്പർ 309/73/ പി. ഡി. യിലേയും 17—1—1976 ലെ ജി.ഒ.പി. നമ്പർ 21/76/പി.ഡി. യിലെയും വ്യവസ്ഥകൾ അനുസരിച്ചും നിയമനകാര്യത്തിൽ അപ്പോഴപ്പോൾ ഉണ്ടാകുന്ന പ്രത്യേക ചട്ടങ്ങളനുസരിച്ചും 1958-ലെ കേരള സ്റ്റേററ് ആൻറ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളുടെ രണ്ടാം ഭാഗത്തുള്ള 3 (സി) 17 (എ), 17 (ബി) എന്നീ വകുപ്പുകൾക്ക് വിധേയമായും ആയിരിക്കുന്നതാണ്.

(വിശദവിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ നോക്കുക)

പാർട്ട്-II

പൊതു വ്യവസ്ഥകൾ

1. ഓരോ ഉദ്യോഗത്തെ സംബന്ധിച്ചും ഈ വിജ്ഞാപനത്തിലെ 1-ാം ഖണ്ഡികയിൽ പ്രത്യേകിച്ച് ഒഴിവാക്കിയിട്ടില്ലാത്തപക്ഷം താഴെ പറയുന്ന നിബന്ധനകൾ ബാധകമാണ്.

(എ) ഇൻഡ്യൻ യൂണിയൻ പൗരനോ; അല്ലെങ്കിൽ

(ബി) നേപ്പാളിലെ പ്രജയോ; അല്ലെങ്കിൽ

(സി) ഭൂട്ടാനിലെ പ്രജയോ; അല്ലെങ്കിൽ

(ഡി) ടിബറ്റിൽ നിന്നും 1962 ജനുവരി ഒന്നാം തീയതിക്കു മുൻപ് ഇൻഡ്യയിൽ സ്ഥിരതാമസമാക്കണമെന്നുള്ള ഉദ്ദേശത്തോടെ വന്ന അഭയാർത്ഥിയോ; അല്ലെങ്കിൽ

(ഇ) പാകിസ്ഥാൻ, ബർമ്മ, ശ്രീലങ്ക, കിഴക്കനാഫ്രിക്കൻ രാജ്യങ്ങളായ കെനിയ, ഉഗാണ്ട, ടാൻസാനിയൻ റിപ്പബ്ലിക്ക് (മുമ്പത്തെ ടാങ്കനിക്കയും സാൻസിബാറും) എന്നിവിടങ്ങളിൽ നിന്നും ഇൻഡ്യയിൽ സ്ഥിര താമസമാക്കണമെന്നുള്ള ഉദ്ദേശത്തോടെ ഇൻഡ്യയിൽ കുടിയേറിപ്പാർത്ത ഇൻഡ്യൻ വംശജനോ ആയിരിക്കണം.

കുറിപ്പ്:—എന്നാൽ മുകളിൽ ബി, സി, ഡി, ഇ എന്നീ വിഭാഗങ്ങളിൽപ്പെട്ട ഒരു ഉദ്യോഗാർത്ഥിക്കു ഇൻഡ്യാ ഗവൺമെന്റിന്റെ പക്കൽ നിന്നും യോഗ്യതാപത്രം ലഭിച്ചിരിക്കണം. പ്രസ്തുത യോഗ്യതാപത്രം ലഭിച്ചിരിക്കേണ്ട ഒരു ഉദ്യോഗാർത്ഥിയെ കമ്മീഷൻ നടത്തുന്ന പരീക്ഷയ്ക്കും ഇൻറർവ്യൂവിനും ഇരിക്കാൻ അനുവദിക്കുന്നതും തുടർന്നു നിയമിക്കപ്പെടുകയാണെങ്കിൽ പ്രസ്തുത നിയമനം മുകളിൽ പറഞ്ഞ യോഗ്യതാപത്രം ഗവൺമെന്റിൽ നിന്നു ലഭിക്കുന്നതുവരെ താൽക്കാലികാടിസ്ഥാനത്തിൽ മാത്രമായിരിക്കുന്നതുമാണ്.

(എഫ്) സൽസ്വഭാവികളായിരിക്കണം.

(ജി) പ്രത്യേക കാരണങ്ങളാൽ ഗവൺമെന്റിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിൽ പുരുഷൻ മാരാണെങ്കിൽ ഒന്നിലധികം ഭാര്യമാർ ഉണ്ടായിരിക്കരുത്. സ്ത്രീകളാണെങ്കിൽ ഭാര്യയുള്ള പുരുഷനെ വിവാഹം കഴിച്ചിരിക്കരുത്.

2. പ്രായപരിധി സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ:—

കുറിപ്പ്:—യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസിൽ കവിയാൻ പാടില്ല എന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ നൽകുന്നത്.

(i) പിന്നോക്ക സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് അഞ്ചു വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. പട്ടികജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള പ്രായപരിധിയിലുള്ള ഈ ആനുകൂല്യം പ്രായപൂർത്തി ആയതിനുശേഷം പട്ടികജാതിയിൽ നിന്നും ഏതു മതത്തിലേക്കും പരിവർത്തനം ചെയ്തിട്ടുള്ളവർക്കും അവരുടെ സന്താനങ്ങൾക്കും ലഭിക്കുന്നതാണ്. പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം മതപരിവർത്തനം കൊണ്ട് ഈ ആനുകൂല്യം ഒരിക്കലും നഷ്ടപ്പെടുകയില്ല.

(ii) ഏതെങ്കിലും ഉദ്യോഗത്തിന് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത ഒരു സർവ്വകലാശാല ബിരുദത്തിൽ കുറവായിരിക്കുകയും പട്ടികജാതി, പട്ടിക വർഗ്ഗം പ്രായപൂർത്തിയായതിനു ശേഷം പട്ടികജാതിയിൽ നിന്നും ഏതു മതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരും അവരുടെ സന്താനങ്ങളും എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട അപേക്ഷകർക്ക് നിശ്ചിതയോഗ്യതയെക്കാൾ കൂടുതലായ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കുകയും ചെയ്താൽ അപേക്ഷകൻ മററു വിധത്തിൽ ആ ഉദ്യോഗത്തിന് അർഹനാണെങ്കിൽ പരമാവധി പ്രായപരിധി അയാൾക്ക് ബാധകമാകുന്നതല്ല. പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം മതപരിവർത്തനം കൊണ്ട് ഈ ആനുകൂല്യം ഒരിക്കലും നഷ്ടപ്പെടുകയില്ല.

(iii) ഏതെങ്കിലും ഉദ്യോഗത്തിന് നിശ്ചയിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യത ഒരു സർവ്വകലാശാല ബിരുദമായിരിക്കുകയും പട്ടികജാതി, പട്ടികവർഗ്ഗം, പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ഏതു മതത്തിലേക്ക് പരിവർത്തനം ചെയ്തിട്ടുള്ളവരും അവരുടെ സന്താനങ്ങളും എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട അപേക്ഷകർക്ക് നിശ്ചിതയോഗ്യതയെക്കാൾ താഴെയല്ലാത്ത വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരിക്കുകയും ചെയ്താൽ പരമാവധി പ്രായപരിധി അവർക്ക് ബാധകമാകുന്നതല്ല. പട്ടിക വർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം മതപരിവർത്തനം കൊണ്ട് ഈ ആനുകൂല്യം ഒരിക്കലും നഷ്ടപ്പെടുകയില്ല.

നോട്ട്:—2 (ii), 2 (iii) എന്നീ ഉപഖണ്ഡികകളിൽ 'വിദ്യാഭ്യാസ യോഗ്യത' എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് സാങ്കേതിക തസ്തികകളെ സംബന്ധിച്ചിടത്തോളം സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയും സാങ്കേതിക സ്വഭാവമില്ലാത്ത തസ്തികകളെ സംബന്ധിച്ചിടത്തോളം പൊതു വിദ്യാഭ്യാസ യോഗ്യതയുമാണ്.

(iv) പട്ടികജാതി, പട്ടികവർഗ്ഗം, പ്രായപൂർത്തിയായതിനുശേഷം പട്ടികജാതിയിൽ നിന്നും ഏതുമതത്തിലേക്കും പരിവർത്തനം ചെയ്തിട്ടുള്ളവരും അവരുടെ സന്താനങ്ങളും പട്ടികവർഗ്ഗത്തിൽ നിന്നും മതപരിവർത്തനം നടത്തിയവർ എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിയെ തിരഞ്ഞെടുക്കുന്നതിന് പ്രായം മാത്രം തടസമായി നിൽക്കുകയാണെങ്കിൽ സംവരണം നിയമപ്രകാരമുള്ള വിഹിതം നൽകുന്നതിനുവേണ്ടി ആ ഉദ്യോഗാർത്ഥിയെ പ്രായപരിധിയിൽ നിന്നും പബ്ലിക് സർവ്വീസ് കമ്മീഷന് ഒഴിവാക്കാവുന്നതാണ്.

(v) 1958-ലെ കേരളാ സ്റേറററ് ആൻഡ് സബോർഡിനേററ് സർവ്വീസസ് റൂൾസ് പാർട്ട് രണ്ടിലെ റൂൾ 9 (എ) I അനുസരിച്ച് സംസ്ഥാന ഗവൺമെൻറ് സർവ്വീസിൽ താൽക്കാലികമായി (Provisional) നിയമനം ലഭിച്ചിട്ടുള്ളവർക്ക് (സർവ്വീസിൽ തുടരുന്ന വരോ പിരിച്ചുവിടപ്പെട്ടിട്ടുള്ളവരോ ആയിട്ടുള്ളവർ) ഒരു വർഷത്തിൽ കുറയാതെ സർവ്വീസുള്ള പക്ഷം തങ്ങളുടെ താൽക്കാലിക സർവ്വീസിന്റെ ദൈർഘ്യത്തോളം പ്രായപരിധിയിൽ ഇളവ് നൽകുന്നതാണ്. ഈ ആനുകൂല്യം വർക്ക് എസ്റ്റാബ്ലിഷ്മെന്റ് തസ്തികകളിലും (Work establishment posts) പാർട്ട് ടൈം തസ്തികകളിലും (Part-time posts) താൽക്കാലികമായി സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്കും ഇപ്പോൾ സേവനം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്നവർക്കും ലഭിക്കുന്നതാണ്. ഒരിക്കൽ

സ്ഥിരമായ അടിസ്ഥാനത്തിൽ (Regular basis) നിയമനം ലഭിച്ചു കഴിഞ്ഞാൽ മേൽപ്പറഞ്ഞ ആനുകൂല്യം ലഭിക്കുന്നതല്ല. കേരളത്തിലെ സെൻസസ് ഡിപ്പാർട്ടുമെന്റിൽ (കേന്ദ്ര സർവ്വീസ്) 1961-ലെ 1971-ലെ താൽക്കാലികമായി നിയമനം ലഭിച്ച് റിട്രഞ്ചുമെന്റ് (Retrenchment) മൂലം തൊഴിൽ നഷ്ടപ്പെട്ടവർക്കും പ്രായപരിധിയിൽ ഉള്ള ഈ ആനുകൂല്യം ലഭിക്കുന്നതാണ്. അവർ അപേക്ഷയോടൊപ്പം തങ്ങളുടെ താൽക്കാലിക സർവീസിന്റെ ദൈർഘ്യവും റിട്രഞ്ചുമെന്റുമൂലം തൊഴിൽ നഷ്ടപ്പെടുന്നതാണെന്നുള്ള വസ്തുതയും കാണിക്കുന്ന സർട്ടിഫിക്കറ്റ് കേരളത്തിലെ സെൻസസ് ഓപ്പറേഷൻസ് ഡയറക്ടറിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. എന്നാൽ സെൻസസ് ഡിപ്പാർട്ടുമെന്റിൽ നിന്ന് റിട്രെഞ്ചുമെന്റുമൂലം തൊഴിൽ നഷ്ടപ്പെട്ടവർക്ക് പരമാവധി അഞ്ചുവർഷത്തിൽ കൂടുതൽ ഇളവ് ലഭിക്കുന്നതല്ല.

(vi) കേരള സോഷ്യൽ വെൽഫെയർ ബോർഡിൽ നിന്നും പിരിച്ച് അയക്കപ്പെട്ടിട്ടുള്ളവർക്ക് ബോർഡിന്റെ കീഴിൽ തുടർച്ചയായി നിയമനം കിട്ടിയ തീയതി നിർദ്ദിഷ്ട പ്രായപരിധിക്കുള്ളിൽ ആയിരുന്നെങ്കിൽ നിശ്ചിത യോഗ്യതയുള്ളപക്ഷം പരമാവധി പ്രായപരിധിയിൽ നിന്നും അവർ ഒഴിവാക്കപ്പെടുന്നതാണ്.

(vii) ദേശീയ മസൂരി നിർമ്മാർജ്ജന പരിപാടിയിൽ ഉൾപ്പെട്ട എന്യൂമറേറ്റർ-കം-വാക്സിനേറ്റർമാർക്കും (Enumerator-cum-Vaccinator) ദേശീയ മലമ്പനി നിർമ്മാർജ്ജന പരിപാടിയിൽ നിന്നും പിരിച്ചുവിടപ്പെട്ട മലേറിയ സർവൈലൻസ് ജോലിക്കാർക്കും, അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ അവരുടെ സർവ്വീസിനു തുല്യമായ കാലത്തോളം പ്രായത്തിൽ ഇളവ് നൽകുന്നതാണ്. അവർ തങ്ങളുടെ സർവ്വീസ് വ്യക്തമായി കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(viii) വിമുക്ത ഭടൻമാരെ സംബന്ധിച്ചിടത്തോളം ഓരോ ഉദ്യോഗത്തിനും നിശ്ചയിച്ചിട്ടുള്ള പരമാവധി പ്രായപരിധിയിൽ അവരുടെ പ്രതിരോധസേനയിലുള്ള സേവനത്തിന് തുല്യമായ കാലത്തോളവും പ്രതിരോധ സേനയിൽ നിന്ന് പിരിച്ചു വിട്ടതിനു ശേഷം തൊഴിൽ ഇല്ലാതെ നിന്ന കാലത്തിൽ പരമാവധി അഞ്ചുവർഷത്തോളവും ഇളവ് അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം ജനറൽ റിസർവ്വ് ഇഞ്ചിനീയർ ഫോഴ്സിൽ സേവനം അനുഷ്ഠിച്ചശേഷം പിരിച്ചുവിടപ്പെട്ടവർക്കും റിസർവ്വിസ്റ്റ് വിഭാഗത്തിൽപ്പെട്ടവർക്കും പ്രതിരോധസേനയിൽ നിന്ന് പെൻഷൻപററി പിരിഞ്ഞവർക്കും മുൻ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനങ്ങളിലെ ലേബർ യൂണിറ്റുകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്കും എൻ.സി.സി. യിൽ നിന്നും നിശ്ചിത കാലത്തെ സേവനത്തിനു ശേഷം പിരിച്ചയക്കപ്പെട്ട എൻ.സി.സി. കേഡറ്റ് ഇൻസ്ട്രക്ടർമാർക്കും നിശ്ചിതകാലം തികയുന്നതിന് മുൻപ് എൻ. സി. സി. യിൽ നിന്നും പിരിച്ചയക്കപ്പെട്ട [illegible] ഇൻസ്ട്രക്ടർമാരിൽ പിരിച്ചയക്കപ്പെടുന്നതിന് മുൻപ് കുറഞ്ഞ പക്ഷം 6 മാസക്കാലമെങ്കിലും സേവനം അനുഷ്ഠിച്ചിട്ടുള്ളവർക്കും ടെറിട്ടോറിയൽ സേനാവിഭാഗത്തിൽ നിന്ന് പിരിച്ചയക്കപ്പെട്ടവർക്കും (Disembodied Territorial Army Personnel) ലഭിക്കുന്നതാണ്. സൈനികസേവനകാലം തെളിയിക്കുന്നതിന് ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ ശരിപ്പകർപ്പും തൊഴിലില്ലാതെ നിന്ന കാലം തെളിയിക്കുന്നതിന് ഡി. എസ്. എസ്. ആന്റ് എ. ബോർഡിൽ നിന്ന് ലഭിച്ചിട്ടുള്ള സർട്ടിഫിക്കറ്റിന്റെ പകർപ്പും അപേക്ഷയോടൊന്നിച്ച് ഹാജരാക്കേണ്ടതാണ്.

(ix) "ഹാഫ്-എ-മില്യൻ ജോബ്" പ്രോഗ്രാം അനുസരിച്ച് 1973-74-ൽ പബ്ലിക് സർവ്വീസ് കമ്മിഷൻ മുഖേന റിക്രൂട്ട് ചെയ്യപ്പെടുകയും പിന്നീട് പിരിച്ചുവിടപ്പെടുകയും ചെയ്ത ലാന്റ് വെരിഫിക്കേഷൻ വാളന്റിയേർമാർക്ക് ഉയർന്ന പ്രായപരിധിയിൽ നിന്നും മൂന്നു വർഷത്തെ ഇളവു കൂടി അനുവദിക്കുന്നതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന പട്ടികജാതി/പട്ടികവർഗ്ഗം, മറ്റു പിന്നോക്ക സമുദായം എന്നിവർക്ക് മുകളിൽ പറഞ്ഞ ആനുകൂല്യത്തിന് പുറമെ അവർക്ക് സാധാരണ ഗതിയിലുള്ള വയസിളവും ലഭിക്കുന്നതായിരിക്കും."

(x) "വികലാംഗർക്ക് (അതായത് അന്ധർ, ബധിരരും മൂകരും, ശാരീരികമായി മറ്റ് വൈകല്യമുള്ളവർ) പ്രായപരിധിയൊഴിച്ച് മറ്റെല്ലാ നിശ്ചിതയോഗ്യതകളും ഉണ്ടെങ്കിൽ മേൽപ്പറഞ്ഞ ഉദ്യോഗത്തിന്/ഉദ്യോഗങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്. അങ്ങനെയുള്ളവരുടെ അപേക്ഷയും യോഗ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കപ്പെടുന്നതാണ്. അപേക്ഷിച്ചിട്ടുള്ള ജോലി തൃപ്തികരമായി നിർവ്വഹിക്കുവാൻ കഴിവുണ്ടെന്ന് കാണുന്ന പക്ഷം അവർക്ക് നിർദ്ദിഷ്ട പരമാവധി പ്രായപരിധി ഉയർത്തിക്കൊടുക്കുന്നതാണ്. പ്രായപരിധിയിലുള്ള ഈ ഇളവ് അന്ധർ, ബധിരർ, മൂകർ എന്നിവർക്ക് പതിനഞ്ച് വർഷത്തോളവും (Fifteen years) മറ്റ് അംഗവൈകല്യം സംഭവിച്ചവർക്ക് പത്തു വർഷത്തോളവും (Ten years) അനുവദിക്കുന്നതാണ്. ഇങ്ങനെയുള്ളവർ ഗവൺമെന്റ് സർവ്വീസിൽ രണ്ടാം ഗ്രേഡ് സിവിൽ സർജൻ (Second Grade Civil Surgeon) താഴെയല്ലാത്ത റാങ്കിലുള്ള ഒരു മെഡിക്കലാഫീസറിൽ നിന്നും താഴെ പറയുന്ന ഏതെങ്കിലും തരത്തിലുള്ള അംഗവൈകല്യം സംഭവിച്ചതാണെന്ന് സാക്ഷ്യപ്പെടുത്തുന്ന ഒരു സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്."

(1) <u>അന്ധൻമാർ</u>.—താഴെ പറയുന്ന ഏതെങ്കിലും വൈകല്യമുള്ളവരെയാണ് അന്ധൻമാരായി പരിഗണിക്കുന്നത്.

(എ) പൂർണ്ണമായും കാഴ്ചയില്ലായ്മ (Total absence of sight)

(ബി) പൂർണ്ണമായും അന്ധത ഇല്ലാത്തപക്ഷം കണ്ണിന് കണ്ണടയുടെ സഹായത്തോടുകൂടി 6/60 അല്ലെങ്കിൽ 20/200 സ്നെല്ലനിൽ കൂടാത്ത കാഴ്ച (സൂക്ഷ്മത) (Visual acuity not exceeding 6/60 or 20/200 snellen in the better eye with correcting Lenses).

(vi) കാഴ്ചശക്തിയുടെ വ്യാപ്തി 20 ഡിഗ്രിയോ അതിനേക്കാൾ മോശമോ ആയ കോണിൽ ഒതുങ്ങി നിൽക്കുന്നത്.
(Limitation of the field of vision subtending an angle of 20 degrees or worse).

(2) ബധിരത.—ജീവിതത്തിലെ സാമാന്യ ആവശ്യങ്ങൾക്കുപോലും ശ്രവണശക്തിയില്ലാത്തവർ.

(3) മൂകത.—ജീവിതത്തിലെ സാമാന്യ ആവശ്യങ്ങൾക്കുപോലും സംസാരശക്തിയില്ലാത്തവർ.

(4) അസ്ഥിഭംഗം സംഭവിച്ചവർ.—അസ്ഥികളുടെയും (Bones) മാംസപേശികളുടെയും (Muscles) സന്ധികളുടെയും ((Joints) സാധാരണ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന തരത്തിലുള്ള ഏതെങ്കിലും ഒരു ശാരീരിക ന്യൂനതയോ വൈരൂപ്യമോ ഉള്ളവർ (ഉദ്യോഗാർത്ഥിക്കുള്ള ന്യൂനതയോ കുറവോ എന്താണെന്ന് സർട്ടിഫിക്കറ്റിൽ വ്യക്തമായി കാണിച്ചിരിക്കണം.) (The Orthopaedically handicapped are those who have a physical defect or deformity which causes adequate interference to significantly impede normal functioning of the bones, muscles and joints) [Vide G. O. (P) No. 158/73/PD. dated 29-5-1973 and G. O. (Ms.) No. 30/78/GAD dated 16-1-1978].

(xi) സംസ്ഥാന ഗവൺമെന്റിന്റെയോ കേന്ദ്ര ഗവൺമെന്റിന്റെയോ സാമ്പത്തിക സഹായത്തോടുകൂടി ഭാരത് സേവക് സമാജ് ഏറ്റെടുത്ത് നടത്തിയിരുന്ന ഏതെങ്കിലും പദ്ധതികളുടെ (Schemes) നിർവ്വഹണത്തിനു വേണ്ടി ഭാരത് സേവക് സമാജം നിയമിച്ചിരുന്ന മുൻജീവനക്കാർക്ക് നിയമനത്തിന് നിശ്ചയിച്ചിട്ടുള്ള മറ്റു യോഗ്യതകളെല്ലാമുള്ളപക്ഷം ഉയർന്ന പ്രായപരിധിയിൽ നിന്ന് താഴെ സൂചിപ്പിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ഭാരത് സേവക് സമാജത്തിന്റെ കീഴിൽ അവരുടെ മേൽ പറഞ്ഞ സേവനത്തിന് തുല്യമായ കാലത്തോളം ഇളവ് നൽകപ്പെടുന്നതാണ്. (1) നിയമനത്തിന് അപേക്ഷകൾ ക്ഷണിക്കുന്ന വർഷം ജനുവരി ഒന്നാം തീയതി 40 വയസ്സ് കഴിഞ്ഞിട്ടുള്ളവർക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. (2) ഈ ആനുകൂല്യം പ്രയോജനപ്പെടുത്തണമെന്ന് ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ഭാരത് സേവക് സമാജത്തിന്റെ കീഴിൽ മേൽ പറഞ്ഞ ഏതെങ്കിലും പദ്ധതികളുടെ നിർവ്വഹണത്തിനായി നിയമിക്കപ്പെട്ട് ജോലി ചെയ്തിരുന്നവരായിരുന്നു എന്ന് കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ഭാരത് സേവക് സമാജത്തിന്റെ പ്രദേശ് ചെയർമാനിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(xii) ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളതോ ഗവൺമെന്റിൽ നിന്ന് ഗ്രാന്റ് ലഭിക്കുന്നതോ ആയ ആഫ്റ്റർ കെയർ ഹോമിലെയും (After Care Home) അനാഥാലയങ്ങളിലെയും (Orphanages) അന്തേവാസികൾക്ക് അവർ മറ്റുവിധത്തിൽ യോഗ്യരാണെങ്കിൽ പരമാവധി പ്രായപരിധിയിൽ 10 (പത്ത്) വർഷം വരെ ഇളവ് അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്ന ഉദ്യോഗാർത്ഥികൾ, അവർ പ്രസ്തുത വിഭാഗങ്ങളിൽ ഏതിലെങ്കിലും പെടുന്നവരാണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട അധികാരികളിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.

(xiii) ഇൻഡോ-സ്വിസ് പ്രോജക്റ്റിലെ തൊഴിലാളികൾക്ക് (Labourers of the Indo-Swiss Project) അവർ മറ്റു വിധത്തിൽ യോഗ്യരാണെങ്കിൽ പ്രസ്തുത പ്രോജക്റ്റിലെ അവരുടെ സർവ്വീസിനു തുല്യമായ കാലത്തോളം പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം ഉപയോഗപ്പെടുത്തണമെന്നാഗ്രഹിക്കുന്ന പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾ അവരുടെ സർവ്വീസ് വ്യക്തമായി കാണിക്കുന്ന സർട്ടിഫിക്കറ്റുകൾ ആ സ്ഥാപനത്തിലെ മേലധികാരിയിൽ നിന്നും വാങ്ങി അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(xiv) പൊതുമരാമത്തു വകുപ്പിലെയും പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പിലെയും എൻ. എം. ആർ. ജീവനക്കാർക്ക് അവർ അപേക്ഷിക്കുന്ന ജോലിക്ക് നിശ്ചയിച്ചിട്ടുള്ള മറ്റെല്ലാ യോഗ്യതയും ഉണ്ടെങ്കിൽ അവരുടെ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് ലഭിക്കുന്നതാണ്. ഇപ്രകാരം ഇളവ് ലഭിക്കുന്നതിലേക്ക് ഉദ്യോഗാർത്ഥികൾ എൻ. എം. ആർ. വിഭാഗത്തിലെ അവരുടെ സർവ്വീസ് തെളിയിക്കുന്നതിന് അതാത് സെക്ഷനിലെ ജൂനിയർ എഞ്ചിനീയരുടെയോ അസിസ്റ്റന്റ് എഞ്ചിനീയരുടെയോ പക്കൽ നിന്നും ലഭിച്ച സർവ്വീസ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(xv) "ഹോം ഗാർഡ്" സംഘടനയിൽ മൂന്നു വർഷത്തിൽ കുറയാത്ത സേവനവും തൃപ്തികരമായ പരിശീലനവും പൂർത്തിയാക്കിയ എക്സ് ഹോം ഗാർഡ് വാളന്റിയർമാർക്ക് അവർ ഹോം ഗാർഡ് സംഘടനയിൽ സേവനമനുഷ്ഠിച്ച കാലത്തോളം തൊഴിലില്ലാതെ നിന്ന കാലത്തേക്ക് പരമാവധി ഏഴു വർഷത്തോളവും സർക്കാർ സർവ്വീസിലെ നിയമനങ്ങൾക്ക് പരമാവധി പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. മേൽ പറഞ്ഞ പ്രകാരം വയസ്സിളവിന് അർഹതയുള്ള ഉദ്യോഗാർത്ഥികൾ ഹോം ഗാർഡ് സംഘടനയിലുള്ള സേവനകാലവും തൊഴിലില്ലാതെ നിന്ന കാലവും തെളിയിക്കുന്നതിന് ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടിൽ നിന്നോ പോലീസ് കമ്മീഷണറിൽ നിന്നോ ലഭിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(xvi) ശ്രീലങ്കയിൽ നിന്നോ, ബർമ്മയിൽ നിന്നോ തിരിച്ചയക്കപ്പെട്ട ഭാരതീയ പൗരൻമാർക്ക് ഉയർന്ന പ്രായപരിധിയിൽ 45 വയസ്സുവരെ ഇളവ് ലഭിക്കുന്നതാണ്. ഈ ആനുകൂല്യം 1964-ലെ ഇൻഡ്യാ സിലോൺ ഉടമ്പടിയുടെ അടിസ്ഥാനത്തിൽ ഇൻഡ്യൻ പൗരത്വം നേടി ശ്രീലങ്കയിൽ നിന്നും വരുന്നവർക്കും ലഭിക്കുന്നതാണ്. ശ്രീലങ്കയിൽ നിന്നും തിരിച്ചയക്കപ്പെട്ടവർ ശ്രീലങ്കയിലെ ഇൻഡ്യൻ ഹൈക്കമ്മീഷണറുടെ സാക്ഷ്യപത്രം ഹാജരാക്കണം. ബർമ്മയിൽ നിന്നുമുള്ളവർ റംഗൂണിലെ ഇൻഡ്യൻ എംബസിയിൽ നിന്നോ താമസിക്കുന്ന സ്ഥലത്തെ ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിൽ നിന്നോ ലഭിച്ച സാക്ഷ്യപത്രം ഹാജരാക്കണം. റംഗൂണിലെ ഇൻഡ്യൻ എംബസിയിൽ നിന്ന് ഐഡന്റിറ്റി കാർഡ് ലഭിച്ചിട്ടില്ലാത്തവർ താഴെ പറയുന്ന പ്രകാരമുള്ള [illegible] ഹാജരാക്കിയാൽ മതിയാകും.

(xv) പാസ്പോർട്ട് ഓഫ് എമർജൻസി സർട്ടിഫിക്കറ്റ് അല്ലെങ്കിൽ യാത്രാ പ്രമാണങ്ങളോ ഈ പ്രമാണങ്ങളിൽ അവർ ഇൻഡ്യയിൽ വന്ന തീയതി ഉണ്ടായിരിക്കണം.

(xvi) റംഗൂൺ ഹെഡ്ക്വാർട്ടേഴ്സ് ആയിട്ടുള്ള അഖിലബർമ്മാ ഇൻഡ്യൻ കോൺഗ്രസ് കൊടുത്തിട്ടുള്ളതോ കൗണ്ടർസൈൻ ചെയ്തിട്ടുള്ളതോ ആയ കത്ത്.

(xvii) കിഴക്കൻ പാകിസ്ഥാനിൽ നിന്ന് 1-1-1964-നും 25-3-1971-നും മദ്ധ്യേ അഭയാർത്ഥികളായി ഇൻഡ്യയിൽ വന്ന് കുടിയേറി പാർത്തവർക്ക് ഉയർന്ന പ്രായപരിധിയിൽ 45 വയസ്സുവരെ ഇളവു ലഭിക്കുന്നതാണ്. ഇവരിൽ പട്ടികജാതി/പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽ ഉൾപ്പെട്ട അപേക്ഷകർക്ക് പ്രായപരിധിയിലുള്ള ആനുകൂല്യം 50 വയസ്സുവരെ ലഭിക്കുന്നതാണ്. 1-1-1964-ലോ അതിനുശേഷമോ കിഴക്കൻ പാകിസ്ഥാനിൽ നിന്നും അഭയാർത്ഥികളായി ഇൻഡ്യയിൽ കുടിയേറി താമസിച്ചിട്ടുള്ളവരാണെന്നുള്ളതിന് ശരിയായ തെളിവ് ഹാജരാക്കുന്നവർക്കു മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. താഴെ പറയുന്നവർ നൽകുന്ന സർട്ടിഫിക്കറ്റുകൾ ആണ് ഇതിലേക്ക് ആവശ്യമായ തെളിവുകളായി അംഗീകരിക്കപ്പെടുന്നത്.

(1) ദണ്ഡകാരണ്യ പ്രോജക്റ്റ് ട്രാൻസിറ്റ് കേന്ദ്രങ്ങളിലെ കമാൻഡന്റ്

(2) വിവിധ സംസ്ഥാനങ്ങളിലെ റിലീഫ് ക്യാമ്പിന്റെ കമാൻഡന്റ്.

(3) അഭയാർത്ഥികൾ ഇപ്പോൾ അധിവസിക്കുന്ന പ്രദേശത്തെ ഡിസ്ട്രിക്റ്റ് കളക്ടർ.

(xviii) കെനിയ, ഉഗാണ്ട, ടാൻസാനിയ എന്നീ കിഴക്കൻ ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും വന്ന് ഇൻഡ്യയിൽ താമസമുറപ്പിച്ചിട്ടുള്ള ഇൻഡ്യൻ വംശജർക്ക് സംസ്ഥാന ഗവൺമെന്റിന്റെ വിവിധ സർവ്വീസുകളിലേക്കുള്ള നിയമനത്തിനു പരമാവധി പ്രായപരിധിയിൽ 45 വയസ്സുവരെ ഇളവു ലഭിക്കുന്നതാണ്. ഈ ആനുകൂല്യം സാംബിയ മാലവി സെയർ, എത്യോപ്യ എന്നിവിടങ്ങളിൽ നിന്നും മടക്കി അയച്ചിട്ടുള്ള അഭയാർത്ഥികൾക്കും ലഭിക്കുന്നതാണ്.

യഥാർത്ഥ അഭയാർത്ഥികളല്ലാത്തവർക്കും, മാതാപിതാക്കളോ, രക്ഷകർത്താക്കളോ അഭയാർത്ഥികളായി എത്തുന്നതിനു മുൻപുതന്നെ ഇൻഡ്യയിൽ താമസമുറപ്പിച്ചിട്ടുള്ളവർക്കും ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

മേൽപ്പറഞ്ഞ പ്രകാരം വയസ്സിളവിന് അർഹതയുള്ളവർ അവരവർ അധിവസിക്കുന്ന സ്ഥലത്തെ ജില്ലാ കളക്ടർ നൽകുന്ന യോഗ്യതാസർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

(xix) വിയറ്റ്നാമിൽ നിന്നും ഭരണഘടനാപരമായ മാറ്റങ്ങളാൽ ഇൻഡ്യയിൽ തിരിച്ചു വന്നിട്ടുള്ള ഇൻഡ്യൻ വംശജർക്ക് കമ്മീഷനോ, മറ്റേതെങ്കിലും അധികൃതരോ, സംസ്ഥാന ഗവൺമെന്റിന്റെ വിവിധ സർവ്വീസുകളിലേക്ക് ഉദ്യോഗനിയമനത്തിനുവേണ്ടി നടത്തുന്ന മത്സര പരീക്ഷകൾക്കും നിയമനങ്ങൾക്കും വേണ്ടി നടത്തുന്ന ഇന്റർവ്യൂ തുടങ്ങിയവയ്ക്കും പരമാവധി പ്രായപരിധിയിൽ 45 വയസ്സുവരെ ഇളവ് അനുവദിക്കുന്നതാണ്.

മുകളിൽ പറഞ്ഞ ആനുകൂല്യങ്ങൾ ഇൻഡ്യൻ വംശജരായ അഭയാർത്ഥികൾക്കും (വ്യക്തിപരമോ, കുടുംബത്തിനോ) (ഇൻഡ്യൻ പാസ്പോർട്ട് കൈവശം ഉള്ളവർക്ക്) വിയറ്റ്നാമിലെ ഇൻഡ്യൻ എംബസിയിൽ നിന്നും എമർജൻസി സർട്ടിഫിക്കറ്റ് കിട്ടിയിട്ടുള്ളവർക്കും വിയറ്റ്നാമിൽ നിന്നും 1975 ജൂലൈയ്ക്കു ശേഷം ഇൻഡ്യയിൽ എത്തിയിട്ടുള്ളവർക്കും ബാധകമാണ്.

മേൽപ്പറഞ്ഞ ആനുകൂല്യത്തിനുവേണ്ടി അവർ വിയറ്റ്നാമിൽ നിന്നുള്ള യഥാർത്ഥ അഭയാർത്ഥികളാണെന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് അവർ ഇപ്പോൾ അധിവസിക്കുന്ന സ്ഥലത്തെ ജില്ലാ മജിസ്ട്രേട്ടിൽ നിന്നും വാങ്ങി ഹാജരാക്കേണ്ടതാണ്. (16) മുതൽ (19) വരെയുള്ള ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന ആനുകൂല്യങ്ങൾ 31-12-1984 വരെ പ്രാബല്യത്തിൽ ഇരിക്കുന്നതാണ്.

(xx) "അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടുള്ളവരെ അതേ സ്ഥാപനത്തിലോ, അതേ ട്രേഡിലോ, ലൈനിലോ നിയമിക്കുമ്പോൾ 1961-ലെ അപ്രന്റിസസ് ആക്റ്റനുസരിച്ചുള്ള അവരുടെ ട്രെയിനിംഗ് കാലം കൂടി കണക്കാക്കി ഉയർന്ന പ്രായപരിധിയിൽ നിന്ന് പ്രസ്തുതകാലം ഇളവു ചെയ്യുന്നതാണ്. സർക്കാരിന്റെ കീഴിലുള്ള നോൺ ഗസറ്റഡ്/ക്ലാസ് 3/ക്ലാസ് 4 എന്നീ തസ്തികകൾക്കും തത്തുല്യമായി സർക്കാർ ഉടമയിലോ, നിയന്ത്രണത്തിലോ ഉള്ള കമ്പനികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ എന്നിവയിലെ തസ്തികകൾക്കും ഈ നിർദ്ദേശം ബാധകമാണ്."

3. പരീക്ഷായോഗ്യത സംബന്ധിച്ച പ്രത്യേകാനുകൂല്യം.—ഏതെങ്കിലും ഉദ്യോഗത്തിന് നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ പരീക്ഷായോഗ്യത ഒന്നാം ക്ലാസിലോ രണ്ടാം ക്ലാസിലോ ലഭിച്ചിട്ടുള്ള ഡിഗ്രി/ഡിപ്ലോമ ആണെങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സംബന്ധിച്ചിടത്തോളം പ്രസ്തുതഡിഗ്രിക്ക്/ഡിപ്ലോമയ്ക്ക് താഴ്ന്ന ക്ലാസായാലും മതിയാവുന്നതാണ്. എന്നാൽ ഈ ആനുകൂല്യം കോളേജുകളിലെ അദ്ധ്യാപകജോലി ഒഴികെയുള്ള ഉദ്യോഗങ്ങൾക്ക് മാത്രമേ ലഭിക്കുകയുള്ളൂ.

4. (എ) നിശ്ചിത യോഗ്യതയുള്ള വിമുക്തഭടനും മറ്റു ഉദ്യോഗാർത്ഥിക്കും കമ്മീഷൻ നടത്തുന്ന ഏതെങ്കിലും സെലക്ഷനിൽ തുല്യമാർക്കാണ് ലഭിക്കുന്നതെങ്കിൽ വിമുക്തഭടന് നിയമനകാര്യത്തിൽ മുൻഗണന നൽകുന്നതാണ്.

(ബി) "നാഷണൽ അപ്രന്റീസ്ഷിപ്പ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികളേക്കാൾ 12-2-1970-ലെ ജി. ഒ. എം. എസ്. നമ്പർ 50/70/പി. ഡി. യിലും 21-7-1970-ലെ ജി.ഒ.എം. എസ്. നമ്പർ 246/70/പി. ഡി. യിലും നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾക്കനുസൃതമായി മുൻഗണന നൽകുന്നതാണ്. (Vide G. O. MS. 112/81/LBR dated 22-12-1981)"

5. രണ്ടാം ഖണ്ഡികയിലെ (x)-ാം ഉപഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് അവരെ പ്രത്യേകമായി ഒഴിവാക്കിയിട്ടില്ലാത്ത എല്ലാ സെലക്ഷനുകളിലും സാധാരണ ലഭിക്കുന്ന മാർക്കുകൾക്ക് പുറമേ പ്രത്യേകമായി ഗ്രേസ് മാർക്ക് കൊടുക്കുന്നതാണ്. അന്ധർ, ബധിരരും മൂകരും എന്നിവർക്ക് പരമാവധി 12 ശതമാനവും അസ്ഥിഭംഗം സംഭവിച്ചവർക്ക് പരമാവധി 10 ശതമാനവും ഗ്രേസ് മാർക്ക് കമ്മീഷന്റെ യുക്താനുസരണം (discretion) നൽകുന്നതാണ്. ഇതിനുവേണ്ടി എഴുത്തു പരീക്ഷയുടെ അടിസ്ഥാനത്തിൽ മാത്രം നടത്തപ്പെടുന്ന സെലക്ഷനുകളിലും വികലാംഗരായ ഉദ്യോഗാർത്ഥികളെ കമ്മീഷൻ ഇന്റർവ്യൂ ചെയ്യുന്നതാണ്. വികലാംഗരായ ഉദ്യോഗാർത്ഥി അംഗവൈകല്യമുള്ളയാളാണെന്ന് (Physically handicapped) അപേക്ഷയുടെ മുകൾ ഭാഗത്ത് പ്രത്യേകം രേഖപ്പെടുത്തേണ്ടതും 2-ാം ഖണ്ഡികയിലെ (10)-ാം ഉപഖണ്ഡികയിൽ പ്രതിപാദിച്ചിരിക്കുന്ന തരത്തിലുള്ള ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. വികലാംഗർക്കും മറ്റുദ്യോഗാർത്ഥികൾക്കും സെലക്ഷനിൽ തുല്യമാർക്കാണ് ലഭിക്കുന്നതെങ്കിൽ വികലാംഗർക്ക് നിയമനക്കാര്യത്തിൽ മുൻഗണന നൽകുന്നതാണ്. വികലാംഗരായ ഉദ്യോഗാർത്ഥികളുടെ കൂട്ടത്തിൽ (1) അന്ധർ (2) ബധിരരും മൂകരും (3) അസ്ഥിഭംഗം സംഭവിച്ചവർ എന്ന ക്രമത്തിലാണ് മുൻഗണന നൽകുന്നത്. [Vide G. O. (P) 158/73/PD dated 29/5/1973 and G. O. Ms. No. 30/78/GAD dated 16-1-1978]

6. സംസ്ഥാന സർവ്വീസിൽ ക്ലാസ് 3, ക്ലാസ് 4 ഉദ്യോഗങ്ങൾക്കുള്ള തിരഞ്ഞെടുപ്പുകളിൽ പ്രശസ്ത സ്പോർട്സ് താരങ്ങൾക്ക് പ്രത്യേക മാർക്ക് (Extra marks) നൽകുന്നതാണ്. മാർക്ക് നൽകുന്നത് 11-1-1978-ലെ ജി. ഒ. (പി.) എസ്. നമ്പർ 21/78/ പി. ആൻ്റ്. ഡി. യിലെ ഉത്തരവ് പ്രകാരമായിരിക്കും.

7. പ്രതിരോധ സേനയിൽ സേവനമനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന അപേക്ഷകർ നിശ്ചിത ഫോറത്തിൽ അപേക്ഷകൾ അയക്കണമെന്ന് നിർബന്ധമില്ല. മേൽവിലാസം, ജനനത്തീയതി, സ്ത്രീയോ, പുരുഷനോ എന്ന വിവരം, പരീക്ഷായോഗ്യതകൾ, അപേക്ഷിക്കുന്ന ജോലിയുടെ വിവരം എന്നിവ വ്യക്തമാക്കിക്കൊണ്ട് നിർദ്ദിഷ്ട ഫീസിന് തുല്യമായ പോസ്റ്റൽ ഓർഡർ സഹിതം അവർക്ക് അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച മററു നിബന്ധനകളിൽ മാററമൊന്നുമില്ല.

8. പ്രതിരോധ സേനയിലെ സേവനത്തിന് പെൻഷൻ ആനുകൂല്യമോ, പെൻഷൻ ആനുകൂല്യത്തിന് അർഹതയോ ഉള്ള വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാരിൻെറ സബോർഡിനേററ് സർവ്വീസുകളിലെ തസ്തികകളിലേയ്ക്കും സർക്കാർ ഉടമയിലുള്ള കമ്പനികളിലും കോർപ്പറേഷനുകളിലും അറുനൂററു രൂപയോ അതിൽ കുറവോ ശമ്പളമുള്ള തസ്തികകളിലേയ്ക്കും ഫീസില്ലാത്ത അപേക്ഷാഫാറത്തിൽ അപേക്ഷിക്കാവുന്നതാണ്. ഈ ആനുകൂല്യം 17-3-1981 മുതലുള്ള ഗസററിൽ പ്രസിദ്ധീകൃതമാകുന്ന വിജ്ഞാപനങ്ങൾക്ക് ബാധകമാകുന്നതാണ്. മേൽപ്പറഞ്ഞ ആനുകൂല്യത്തിന് അർഹതയുള്ള വിമുക്തഭടന്മാരായ ഉദ്യോഗാർത്ഥികൾ പെൻഷൻ ആനുകൂല്യത്തോടു കൂടി പ്രതിരോധസേനയിൽ നിന്ന് പിരിഞ്ഞ വസ്തുത അവരുടെ ഡിസ്ചാർജ്ജ് സർട്ടിഫിക്കററിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലാത്ത പക്ഷം തെളിവിനായി ഡിസ്ചാർജ്ജ് സർട്ടിഫിക്കററിൻെറ പകർപ്പിനു പുറമെ പെൻഷൻ സർട്ടിഫിക്കററ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

9. ഏതു ഉദ്യോഗത്തിനായാലും അപേക്ഷകരുടെ സംഖ്യ കൂടുതലായാൽ ആവശ്യമെന്നു തോന്നുന്നപക്ഷം കമ്മീഷൻെറ തീരുമാനമനുസരിച്ച് പരീക്ഷായോഗ്യതയുടെയോ, മാർക്കിൻെറയോ, എഴുത്തു പരീക്ഷയുടെയോ, പ്രാക്ടിക്കൽ പരീക്ഷയുടെയോ മറെറന്തെങ്കിലും മാനദണ്ഡത്തിൻെറയോ അടിസ്ഥാനത്തിൽ അവസാന പരിഗണനയ്ക്കായി എടുക്കുന്ന അപേക്ഷകരുടെ എണ്ണം പരിമിതപ്പെടുത്തുന്നതാണ്.

10. അപേക്ഷകർ സ്വന്തം ചെലവിൽ നിർദ്ദിഷ്ട സ്ഥലത്തും നിശ്ചിത സമയത്തും ഇൻറർവ്യൂവിനോ പരീക്ഷയ്ക്കോ അല്ലെങ്കിൽ രണ്ടിനുമോ മററു ടെസ്ററുകൾക്കോ നിർദ്ദേശാനുസരണം ഹാജരാകേണ്ടതാണ്.

11. ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ നിയമനാധികാരിയുടെ നിർദ്ദേശാനുസരണം ആവശ്യമായ മെഡിക്കൽ സർട്ടിഫിക്കററ് നിശ്ചിത ഫാറത്തിൽ ഹാജരാക്കേണ്ടതാണ്. ഏത് ഉദ്യോഗത്തിലേക്കാണോ തെരഞ്ഞെടുത്തിരിക്കുന്നത് അതിന് നിശ്ചയിച്ചിട്ടുള്ള വയസ്സ്, പരീക്ഷാ യോഗ്യത എന്നിവ ഉൾപ്പെടെയുള്ള യോഗ്യതകൾ തെളിയിക്കുന്നതിന് ഒറിജിനൽ പ്രമാണങ്ങളും നിയമനാധികാരിയുടെ മുമ്പിൽ ജോലിയിൽ പ്രവേശിക്കുവാൻ ചെല്ലുമ്പോൾ ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പ് അവരുടെ സ്വഭാവവും പൂർവ്വകാല ചെയ്തികളും (Character and Antecedents) പരിശോധിക്കുന്നതിനു വേണ്ട വിശദ വിവരങ്ങൾ അടങ്ങിയ ഒരു ഫാം (pro forma) പൂരിപ്പിച്ച് നിയമനാധികാരിയെ ഏൽപ്പിക്കേണ്ടതാണ്.

12. മുദ്രണം ചെയ്ത അപേക്ഷാഫാറങ്ങൾ എവിടെ കിട്ടും, എങ്ങനെ വാങ്ങണം.

(എ) അപേക്ഷാഫാറങ്ങൾ താഴെ കാണിച്ചിരിക്കുന്ന ഏതെങ്കിലും വിൽപ്പന ഏജൻസിയിൽ നിന്നു മാത്രം വാങ്ങേണ്ടതാണ്.

(1) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കോർപ്പറേഷനുകൾ.
(2) ഗുരുവായൂർ ടൗൺഷിപ്പ് ഉൾപ്പെടെയുള്ള മുനിസിപ്പാലിററികൾ.
(3) പഞ്ചായത്തുകൾ.
(4) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻെറ തിരുവനന്തപുരത്തുള്ള കേന്ദ്ര ഓഫീസുകളും ഇടുക്കി ജില്ല ഒഴികെയുള്ള എല്ലാ ജില്ലാ ഓഫീസുകളും.
(5) സംസ്ഥാനത്തെ ലൈസൻസുള്ള സ്ററാമ്പ് വെണ്ടർമാർ.
(6) സംസ്ഥാനത്തെ ലൈബ്രറികളും ഗ്രന്ഥശാലകളും.
(7) ഗവൺമെൻറ് പ്രസിദ്ധീകരണങ്ങൾ വിൽക്കുന്ന അംഗീകൃത ഏജൻറുമാർ,
(8) ഒന്നു മുതൽ 7 വരെ പറയുന്ന വിൽപ്പന ഏജൻസികൾക്കു പുറമേ താഴെ പറയുന്ന ആഫീസറന്മാരെ പട്ടിക ജാതി / പട്ടിക വർഗ്ഗക്കാർക്കുള്ള വില മുദ്രണം ചെയ്തിട്ടില്ലാത്ത അപേക്ഷാഫാറങ്ങൾ വിൽക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുണ്ട്. ജില്ലാ വെൽഫെയർ ആഫീസർമാർ, ട്രൈബൽ ഡെവലപ്പ്മെൻറ് വെൽഫെയർ ഓഫീസർമാർ, ഡിവിഷണൽ ആൻറ് ഡിസ്ട്രിക്ററ് എംപ്ലോയ്മെൻറ് ഓഫീസർമാർ, താലൂക്ക് വെൽഫെയർ ഇൻസ്പെക്ടർമാർ, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാർ, ഡിസ്ട്രിക്ററ് ഇൻഫർമേഷൻ ആഫീസർമാർ.

നോട്ട്:—അപേക്ഷാഫാറങ്ങൾ തപാൽ മാർഗ്ഗമായി . തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട് അവർകളുടെ പക്കൽ നിന്നും വാങ്ങാവുന്നതാണ്. അങ്ങനെ തപാൽ മാർഗ്ഗമായി വാങ്ങുന്നവ അപേക്ഷാഫീസ് മണിയാർഡറായും അവ തപാൽ മാർഗ്ഗമായി അയച്ചു കൊടുക്കുന്നതിന് രജിസ്ട്രേഷൻ ഫീസിന് തുല്യമായ തപാൽ സ്ററാമ്പ് (മൂന്നുരൂപ നാൽപ്പത്തിയഞ്ച് പൈസ) ഒട്ടിച്ച് അപേക്ഷകൻെറ പേരും മേൽവിലാസവും എഴുതിയ 30 സെൻറി മീറ്റർ നീളവും 15 സെൻറി മീററർ വീതിയുമുള്ള ഒരു കവറോടു കൂടി താഴെ പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു അപേക്ഷയും ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ടിന് അയക്കേണ്ടതാണ്,
(1) അപേക്ഷകൻെറ പേരും മേൽവിലാസവും.
(2) അപേക്ഷാഫാറത്തിൽ മുദ്രണം ചെയ്തിരിക്കേണ്ട അപേക്ഷാഫീസ്.
(3) ഏതു മേൽവിലാസം അച്ചടിച്ചിട്ടുള്ള കവറാണ് അപേക്ഷാഫാറത്തിനോടൊപ്പം അയക്കേണ്ടത്.
(4) ഏതു ഭാഷയിൽ (ഇംഗ്ലീഷിലോ, മലയാളത്തിലോ) അച്ചടിച്ച ഫാറമാണ് വേണ്ടത്.

(ബി) അപേക്ഷാഫാറം വാങ്ങുമ്പോൾ അതിൽ മുദ്രണം ചെയ്ത അപേക്ഷാഫീസ് മാത്രം വിലയായി കൊടുത്താൽ മതിയാകുന്നതാണ്. അപേക്ഷാഫാറത്തിൻെറ വിലയായ 50 പൈസ കൂടി കൊടുക്കണമെന്ന വ്യവസ്ഥ നിർത്തൽ ചെയ്തിട്ടുണ്ട്.

(സി) നിങ്ങൾ അപേക്ഷിക്കാനുദ്ദേശിക്കുന്ന ജോലിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള അപേക്ഷാഫീസ് നിങ്ങൾ വാങ്ങുന്ന അപേക്ഷാഫാറത്തിൽ മുദ്രണം ചെയ്തിട്ടുണ്ടോ എന്ന് പ്രത്യേകം നോക്കണം.

(ഡി) മേൽ ആറാം ഖണ്ഡികയിൽ പറയുന്ന തൊഴികെ മുദ്രണം ചെയ്യാത്ത അപേക്ഷാ ഫോറങ്ങളിൽ സമർപ്പിക്കുന്ന അപേക്ഷകളും ചെലാൻ ഫോറത്തോടു കൂടിയോ, പോസ്റ്റൽ ഓർഡറോടുകൂടിയോ ലഭിക്കുന്ന അപേക്ഷകളും സ്വീകരിക്കുന്നതല്ല.

(ഇ) കമ്മീഷന് സമർപ്പിക്കുന്ന അപേക്ഷാഫാറത്തിൽ മുദ്രണം ചെയ്തിട്ടുള്ള ഫീസ് യാതൊരു കാരണവശാലും അപേക്ഷകന് മടക്കിക്കൊടുക്കുന്നതല്ല.

13. അപേക്ഷ അയക്കേണ്ട അഡ്രസ് അച്ചടിച്ചിട്ടുള്ള ഒരു കവർ അപേക്ഷാഫാറം വാങ്ങുന്നതോടൊപ്പം നിങ്ങൾക്ക് സൗജന്യമായി ആവശ്യപ്പെടാവുന്നതും ലഭിക്കുന്നതുമാണ്. അപേക്ഷ ആ കവറിൽ അയക്കേണ്ടതാണ്.

14. അപേക്ഷ അയക്കേണ്ട രീതി—

(എ) ഓരോ ഉദ്യോഗാർത്ഥിയും അപേക്ഷ വെവ്വേറെ കവറുകളിൽ അയക്കേണ്ടതാണ്. ഒരു ഉദ്യോഗാർത്ഥി തന്നെ ഒന്നിലധികം ഉദ്യോഗങ്ങൾക്ക് അപേക്ഷിക്കുമ്പോൾ ഓരോ അപേക്ഷയും വെവ്വേറെ കവറുകളിൽ അടക്കം ചെയ്ത് അയക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ അപേക്ഷ ഒരേ കവറിൽ അയച്ചാൽ ആ കാരണത്താൽ തന്നെ ആ അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

(ബി) കവറിന്റെ മുകൾ ഭാഗത്ത് സൂചിപ്പിച്ചിരിക്കുന്ന സ്ഥലത്ത് അപേക്ഷിക്കുന്ന ഉദ്യോഗത്തിന്റെയും ഡിപ്പാർട്ടുമെന്റിന്റെയും പേര് പൂരിപ്പിക്കണം.

(സി) ഉദ്യോഗാർത്ഥിയുടെ പേരും മേൽവിലാസവും കവറിന്റെ ഇടതു വശത്ത് 'ഫ്രം' എന്ന് അച്ചടിച്ചിരിക്കുന്നതിന്റെ അടിയിൽ എഴുതേണ്ടതാണ്.

(ഡി) നിങ്ങൾക്ക് ലഭിക്കുന്ന കവർ 'പോസ്റ്റേജ് ഫ്രീ' അല്ലാത്തതിനാൽ പോസ്റ്റൽ മാർഗ്ഗമായി അപേക്ഷ അയക്കുന്നപക്ഷം വേണ്ടത്ര പോസ്റ്റൽ സ്റ്റാമ്പുകൾ കവറിന്മേൽ ഒട്ടിക്കേണ്ടതാണ്.

15. അപേക്ഷയോടൊന്നിച്ച് താഴെ കാണിച്ചിരിക്കുന്ന പ്രമാണങ്ങൾ അയക്കേണ്ടതാണ്.

(എ) വയസ്സ് തെളിയിക്കുന്നതിനുള്ള രേഖകൾ.—ഇ. എസ്. എൽ. സി. അല്ലെങ്കിൽ എസ്. എസ്. എൽ. സി. ബുക്കിലെ സംഗതമായ പേജിന്റെ ശരിപകർപ്പ് അല്ലെങ്കിൽ സ്കൂൾ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ വിടുതൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് മുതലായ വിദ്യാഭ്യാസ സംബന്ധമായ രേഖകൾ മാത്രമേ ജനനത്തീയതി തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളായി സ്വീകരിക്കുകയുള്ളൂ. എന്നാൽ വിമുക്തഭടന്മാരെ (Ex-Servicemen) സംബന്ധിച്ചിടത്തോളം അവർക്ക് സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കാൻ കഴിയുന്നില്ലെങ്കിൽ അവരെ സർവ്വീസിൽ നിന്നും വിടുതൽ ചെയ്യുമ്പോൾ കൊടുക്കുന്ന ഡിസ്ചാർജ്ജ് സർട്ടിഫിക്കറ്റ് (Discharge Certificate) മതിയായ തെളിവായി അംഗീകരിക്കുന്നതാണ്. "ശ്രീലങ്കയിൽ ജനിച്ച ഭാരതീയ വംശജരെ സംബന്ധിച്ചിടത്തോളം ശ്രീലങ്ക ഗവൺമെന്റിന്റെ ജനനമരണ വകുപ്പു നൽകുന്ന ജനന സർട്ടിഫിക്കറ്റ് മതിയായ തെളിവായി സ്വീകരിക്കുന്നതാണ്".

യാതൊരു സ്കൂളുകളിലും പഠിക്കാത്തവരുടെ കാര്യത്തിൽ താഴെ പറയുന്ന പ്രമാണങ്ങളും തെളിവായി സ്വീകരിക്കുന്നതാണ്.

(1) ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള ജാതകത്തിന്റെ ശരിപ്പകർപ്പ്.

(2) മുസ്ലീം ജമാഅത്തിൽ നിന്നും നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് (ജാതകത്തിന്റെ കാര്യത്തിലെന്നപോലെ തന്നെ ഇതും ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിയിരിക്കണം.)

(3) ഇടവക വികാരി സാക്ഷ്യപ്പെടുത്തിയിട്ടുള്ള ജ്ഞാനസ്നാന രജിസ്റ്ററിന്റെ സംഗതമായ ഭാഗം.

(ബി) വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകൾ.—സർവ്വകലാശാലയിൽ നിന്നും ലഭിച്ചിട്ടുള്ള ഡിഗ്രി (Degree) അല്ലെങ്കിൽ താൽക്കാലിക സർട്ടിഫിക്കറ്റുകൾ (Provisional Certificates) ഹാജരാക്കേണ്ടതാണ്. മാർക്ക് ലിസ്റ്റുകൾ അവയിൽതന്നെ ഉദ്യോഗാർത്ഥികൾക്ക് ലഭിച്ച ക്ലാസോ ഡിവിഷനോ കാണിച്ചിട്ടുണ്ടെങ്കിലല്ലാതെ പരീക്ഷ പാസായതിന് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല.

ഡിപ്ലോമകളുടെയും സർട്ടിഫിക്കറ്റുകളുടെയും കാര്യത്തിൽ ഡിപ്ലോമകളോ, സർട്ടിഫിക്കറ്റുകളോ അവയുടെ അഭാവത്തിൽ ഉത്തരവാദപ്പെട്ട അധികൃതരിൽ നിന്നും ലഭിച്ചിട്ടുള്ള താൽക്കാലിക സർട്ടിഫിക്കറ്റുകളോ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഇവയ്ക്ക് പകരമായി മാർക്ക് ലിസ്റ്റുകൾ സ്വീകരിക്കുന്നതല്ല.

നിശ്ചിത വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സി. യാണെങ്കിൽ എസ്. എസ്. എൽ. സി. ബുക്കിലെ ആവശ്യമായ എൻഡോഴ്സ്മെന്റോടു കൂടിയ പേജ് ഹാജരാക്കേണ്ടതാണ്.

മേൽ വിവരിച്ചതിൽ കുറവായ വിദ്യാഭ്യാസ യോഗ്യതകളുടെ കാര്യത്തിൽ സ്കൂൾ റിക്കാർഡുകളിൽ നിന്നോ രജിസ്റ്ററുകളിൽ നിന്നോ പ്രസക്ത ഭാഗങ്ങൾ സ്ഥാപനത്തലവന്റെ ഒപ്പോടുകൂടി ഹാജരാക്കേണ്ടതാണ്.

കുറിപ്പ്.—സ്കൂൾ വിദ്യാഭ്യാസത്തിനുള്ള പ്രായപരിധി കഴിഞ്ഞശേഷം പ്രൈവറ്റായി എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ചേർന്ന് പരാജയപ്പെട്ടവരെ അവർ പ്രൈവറ്റായി ആ പരീക്ഷയ്ക്ക് ചേർന്ന കാരണത്താൽ മാത്രം, ഏതെങ്കിലും സാമാന്യ വിദ്യാഭ്യാസ യോഗ്യതയുള്ളവരായി പരിഗണിക്കുന്നതല്ല. ഇങ്ങനെയുള്ളവർ, മുമ്പ് ക്രമമായി സ്കൂൾ വിദ്യാഭ്യാസം ചെയ്ത് ഏതെങ്കിലും ക്ലാസോ സ്റ്റാൻഡേർഡോ പാസ്സായിട്ടുണ്ടെങ്കിൽ അവർക്ക് ആ വിദ്യാഭ്യാസ യോഗ്യതമാത്രം ഉള്ളതായി കണക്കാക്കുന്നതാണ്.

